ॐ

# ശ്രീമദ്ഭാഗവതം നിത്യപാരായണം 256-ാം ദിവസം

ദേവർഷിരുപസംഗമ്യ ഭാഗവതപ്രവരോ നൃപ
കൃഷ്ണമക്ലിഷ്ടകർമ്മാണം രഹസ്യേതദഭാഷത (10-37-10)
കൃഷ്ണകൃഷ്ണാ പ്രമേയാത്മൻ യോഗേശ ജഗദീശ്വര
വാസുദേവാഖിലാവാസ സാത്വതാം പ്രവരപ്രഭോ (10-37-11)
ത്വമാത്മാ സർവ്വഭൂതാനാമേകോ ജ്യോതിരിവൈധസാം
ഗൂഢോ ഗുഹാശയ: സാക്ഷീ മഹാപുരുഷ ഈശ്വര: (10-37-12)
ആത്മനാffൻമാശ്രയ: പൂർവ്വം മായയാ സസൃജേ ഗുണാൻ
തൈരിദം സത്യസങ്കൽപ: സൃജസ്യത്സ്യവസീശ്വര: (10-37-13)
സ ത്വം ഭൂധരഭ്രതാനാം ദൈത്യപ്രമഥരക്ഷസാം
അവതീർണ്ണോ വിനാശായ സേതൂനാം രക്ഷണായ ച (10-37-14)

*ശുകമുനി തുടർന്നു:*
കംസന്റെ ആജ്ഞാനുസരണം കേശി ഒരു വെകിളി പിടിച്ച കുതിരയുടെ വേഷത്തിൽ വൃന്ദാവനത്തിലേക്ക് പുറപ്പെട്ടു. അവൻ വൃന്ദാവനത്തിൽ ലക്കും ലഗാനുമില്ലാതെ ഓടി നടന്നു. അവന്റെ മുക്രയിടലും മറ്റും ഗ്രാമവാസികളെ ഭയചകിതരാക്കി. താമസിയാതെ കൃഷ്ണൻ അവനെ വെല്ലു വിളിച്ചു. അവനും കൃഷ്ണനെ മല്ലയുദ്ധത്തിനു വിളിച്ചു. സിംഹത്തേപ്പോലെ ഗർജ്ജിച്ച് ഓടിയടുത്ത് ചുറ്റിത്തിരിഞ്ഞ് കേശി കൃഷ്ണനെ തന്റെ പിൻകാലുകൊണ്ടു തൊഴിച്ചു. അവന്റെ കാലുകൾ കൃഷ്ണന്റെ മേൽ പതിക്കും മുൻപ് കൃഷ്ണൻ അതിൽ പിടികൂടി അവനെ തൂക്കി ചുഴറ്റിയെറിഞ്ഞു. കുതിരക്ക് സ്വബോധം വീണ്ടു കിട്ടാൻ കുറച്ചു സമയം വേണ്ടിവന്നു. എന്നിട്ട് അവൻ വീണ്ടും വായ് തുറന്നു പിടിച്ച് കൃഷ്ണന്റെ നേർക്ക് പാഞ്ഞടുത്തു. തീതുപ്പും പോലെ ക്രോധമാർന്ന അവന്റെ വായിലേക്ക് കൃഷ്ണൻ തന്റെ കൈ കടത്തി. അപ്പോൾ കൃഷ്ണന്റെ കൈ വലുതാവാൻ തുടങ്ങി. അസുരന് ശ്വാസം മുട്ടി. അപ്പോൾ അവൻ തന്റെ സ്വരൂപം ആർജ്ജിച്ചു. അങ്ങിനെ അന്ത്യശ്വാസം വലിക്കുകയും ചെയ്തു. കൃഷ്ണൻ പ്രത്യേകിച്ചൊന്നും സംഭവിക്കാത്തതുപോലെ തന്റെ കൈ വലിച്ചൂരി നടന്നകന്നു.

*ദിവ്യർഷിയായ നാരദൻ കൃഷ്ണനെ രഹസ്യമായി സന്ധിച്ച് ഇങ്ങിനെ പറഞ്ഞു:*
'കൃഷ്ണാ അവിടുന്ന് അനന്തനായ ഭഗവാൻ തന്നെയാണ്. അവിടുത്തെത്തന്നെ പ്രഭാവമായ മായാശക്തിയുടെ സഹായത്താൽ അങ്ങ് വിശ്വ സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നു. അവിടുന്നിപ്പോൾ മർത്ത്യ ജൻമമെടുത്തിരിക്കുന്നത് ദുഷ്ടതയെ നിർമ്മാർജ്ജനം ചെയ്യാനും ധർമ്മത്തെ ഉദ്ധരിക്കുവാനുമത്രെ. അതുകൊണ്ട് ദേവൻമാർക്കുപോലും പേടിസ്വപ്നമായിരുന്ന ഈ അസുരൻ അങ്ങയുടെ കൈ കൊണ്ട് നിഷ്പ്രയാസം വധിക്കപ്പെട്ടതിൽ അത്ഭുതമേതുമില്ല.' ഭഗവാൻ കൃഷ്ണരൂപത്തിൽ കംസനടക്കം എല്ലാ രാക്ഷസൻമാരേയും വധിക്കുമെന്നും ദ്വാരകാധിപനായി വാഴുമെന്നും നാരദൻ പറഞ്ഞു. മാത്രമല്ലാ മഹാഭാരതയുദ്ധത്തിനു സാക്ഷിയായി നിന്ന് ദശലക്ഷക്കണക്കിന് മനുഷ്യർ മരിക്കുന്നതു കാണുമെന്നും നാരദനറിയിച്ചു. ഭഗവാനെ വണങ്ങി ദേവർഷി മടങ്ങി.

മറ്റൊരവസരത്തിൽ കൃഷ്ണനും കൂട്ടരും കള്ളനും കാവൽക്കാരനും കളിക്കുമ്പോൾ വ്യോമാസുരൻ അവരുടെ കൂട്ടത്തിൽ ഒരു ഗോപാലവേഷത്തിൽ പങ്കെടുത്തു. കളിയിൽ കള്ളനായി അഭിനയിച്ച് അവൻ കൃഷ്ണന്റെ കൂട്ടുകാരെ കുറേപ്പേരെ ഒരു ഗുഹയിലൊളിപ്പിച്ചു. കൃഷ്ണനവനെ കയ്യോടെ പിടികൂടി. അസുരൻ തന്റെ സ്വരൂപം കാണിച്ച് കൃഷ്ണന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ വൃഥാശ്രമം നടത്തി. നിലത്തടിച്ച് കൃഷ്ണനവന്റെ കഥ കഴിച്ചു. ഗുഹാമുഖത്തെത്തി ബലമായി അതിന്റെ വാതിൽ തുറന്ന് കൃഷ്ണൻ തോഴരെ രക്ഷിച്ചു. അവർ അതീവ സന്തുഷ്ടരായി.